ശ്ചയിക്കാൻ അധികാരമില്ലെന്നും, സിവിൽ കോടതി നടപടിയിലൂടെ ഭൂവുടമസ്ഥത നിശ്ചയിക്കാനുമാണ് ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ടത്.

സ്വകാര്യ കമ്പനിയുടെ ഭൂമിയെന്ന നിലയിൽ വൈത്തിരിയിൽ താലൂക്ക് ലാൻഡ് ബോർഡ് ലണ്ടൻ ആസ്ഥാനമായ മലയാളം പ്ലാന്റേഷൻസിന് മിച്ചഭൂമിക്ക് പുറത്തുള്ള 58,000ത്പ്പരം ഏക്കർ ഭൂമിക്ക് നിയമത്തിലെ വകുപ്പ് 81 പ്രകാരം തോട്ടം നടത്തുന്നതിനായി നൽകിയ ഇളവ് (തെറ്റായ ഇളവ്) സർക്കാർ പരിശോധിക്കണം. തോട്ടം ഇല്ലാതായാൽ മിച്ചഭൂമിയായി അത് സർക്കാരിൽ വന്നുചേരും. ഇതാണ് ഇളവിന്റെ വ്യവസ്ഥ. നിയമത്തിലെ വകുപ്പ് 83 പ്രകാരം 1970 ജനുവരി ഒന്നിന് ശേഷം സംസ്ഥാനത്ത് ആരുംതന്നെ സീലിംഗിന് (പരിധിക്ക്) പുറത്ത് (പരമാവധി 20 ഏക്കർ) ഭൂമി കൈവശം വയ്ക്കാൻ പാടില്ല. ഇതിന്റെ അർത്ഥം സീലിംഗ് പരിധിക്ക് പുറത്തുള്ള ഭൂമിക്ക് ഉടമസ്ഥതയില്ല എന്നാണ്. ഈ ഭൂമി സർക്കാർ ആവശ്യത്തിന് നിർബന്ധിച്ച് ഏറ്റെടുത്താൽ മിച്ചഭൂമിയുടെ നഷ്ടപരിഹാരം മാത്രമേ നൽകാൻ കഴിയുകയുള്ളൂ. സർക്കാർ ആവശ്യമായതിനാൽ, തോട്ടത്തിനു ശേഷിക്കുന്ന ലൈഫ് (ആയുസ്) കണക്കാക്കി തോട്ടം നഷ്ടപ്പെടുന്നതിനുള്ള നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ് (ഭൂവുടമസ്ഥൻ സ്വകാര്യ വ്യക്തി ആണെങ്കിൽ മാത്രം).

2013ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം ഭൂമി ഏറ്റെടുക്കുമെന്ന് പറയുന്ന കലക്ടർ ചെറുവള്ളി എസ്റ്റേറ്റിൻെറ രേഖകൾ പരിശോധിക്കണം. കലക്ടർക്ക് ഇനിയും അത് പരിശോധിക്കാനുള്ള അവസരമുണ്ട്. സ്വകാര്യ ഭൂമിയുടെ നിർവ്വചനത്തിൽപ്പെട്ട ഭൂമിയല്ല ചെറുവള്ളി. മന്ത്രിമാർ നൽകുന്ന നിർദ്ദേശത്തിലൂടെ ഉദ്യോഗസ്ഥർക്ക് പ്രമാണ രേഖകൾ മാറ്റിയെഴുതാനും കഴിയില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെക്കുറിച്ച് ചിന്തിക്കുന്ന സർക്കാരിന് ഇക്കാര്യത്തിൽ ആത്മാർഥതയുണ്ടെങ്കിൽ വിദേശകമ്പനികളുടെ മുഴുവൻ ഭൂമിയും ഏറ്റെടുക്കണം. ഭക്ഷ്യവിളകൾ കൃഷി ചെയ്യാനുള്ള സുഭിക്ഷ കേരളം പദ്ധതി വിജയിക്കണെങ്കിൽ കർഷകത്തൊഴിലാളികളുടെ അധ്വാനശക്തി ഉപയോഗപ്പെടുത്തണം. ഭൂരഹിതരായ ദലിതർക്കും ആദിവാസികൾക്കും കർഷത്തൊഴിലാളികൾക്കും ഭൂമി നൽകണം. വിദേശകമ്പനികൾ അനധികൃമായി കൈവശംവെച്ചിരിക്കുന്ന ഭൂമിയുടെ കാവൽക്കാരായി ഭരണകൂടം മാറരുത്.

ചെറുവള്ളിയിൽ സർക്കാർ ഭൂമി കൈയേറി അനധികൃതമായി കൈവശം വെച്ചിരിക്കുന്ന യോഹന്നാനൊപ്പം സർക്കാർ നിൽക്കരുത്. ഇടുക്കിയിൽ മുൻ എം.പി ജോയ്സ് ജോർജ് അടക്കമുള്ളവർ ഭൂമി കൈയേറിയത് അന്വേഷണത്തിലൂടെയും ഹിയറിംഗിലൂടെയും വ്യക്തമാവുകയും റദ്ദാക്കുകയും ചെയ്തതുപോലെ ലാൻഡ് ബോർഡിന് വിദേശകമ്പനിക്ക് നൽകിയ ഇളവ് റദ്ദാക്കാവുന്നതാണ്. നിയമനിർമ്മാണത്തിലൂടെ ഈ ഭൂമി ഏറ്റെടുക്കുകയും ചെയ്യാം. ഇതിന് സർക്കാർ തയ്യാറാകണമെന്ന് സംയുക്ത പ്രസ്താവനയിലൂടെ ഞങ്ങൾ അഭ്യർഥിക്കുന്നു. ■

# ചെറുവള്ളി എസ്റ്റേറ്റ്: തെറ്റുകളുടെ തനിയാവർത്തനം

## വി.എം. സുധീരൻ

**പണം** കെട്ടിവെച്ച് ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുന്ന സർക്കാർ നടപടിക്കു പിന്നിൽ എന്താണെന്നു വ്യക്തമാണ്. വ്യാജരഖകൾ ചമച്ച് ഹാരിസൺ ഉൾപ്പെടെയുള്ള വൻകിട കുത്തകകൾ നിയമവിരുദ്ധമായി കൈയടക്കിയ ഭൂമിക്കും അവരിൽനിന്നു അനധികൃതമായി വാങ്ങിയ ഭൂമിക്കും അവർക്കാർക്കും ഇല്ലാത്ത അവകാശം സ്ഥാപിച്ചുകൊടുക്കുക തന്നെ. അഞ്ചര ലക്ഷം ഏക്കർ വരുന്ന സർക്കാർ ഭൂമിയുടെ അവകാശമാണ് ഈ നടപടിയിലൂടെ സർക്കാർ അടിയറവയ്ക്കുന്നത്. നിവേദിത പി. ഹരൻ കമ്മീഷൻ, ജസ്റ്റിസ് മനോഹരൻ കമ്മീഷൻ, ഡോ. സജിത് ബാബു റിപ്പോർട്ടിലെ കണ്ടെത്തൽ, കുത്തകകമ്പനിക്കാർ നടത്തിയ തട്ടിപ്പുകളെയും അവർ സൃഷ്ടിച്ച വ്യാജരഖകളെയും കുറിച്ചുള്ള വിജിലൻസ് കണ്ടെത്തൽ, കുത്തക കമ്പനികൾക്കെതിരെയുള്ള ക്രൈംബ്രാഞ്ച് ക്രിമിനൽ കേസുകൾ, മുൻ സർക്കാറിന്റെ കാലത്ത് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലങ്ങൾ, സർക്കാറിന് അനുകൂലമായ സിംഗിൾ ബെഞ്ച് വിധി, കൃത്യതയോടെ തയാറാക്കിയ രാജമാണിക്യം റിപ്പോർട്ട് എന്നിങ്ങനെയുള്ള ആധികാരിക പരിശോധനകളിലും പഠനങ്ങളിലും കുത്തകകമ്പനിക്കാർ കൈയടക്കിവെച്ച അ

*⇨ ചെറുവള്ളി സർക്കാർ ഭൂമിതന്നെയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞതാണ് ⇨*


ഞ്ചര ലക്ഷം ഏക്കറോളം ഭൂമി സർക്കാറിന്റേതാണെന്ന് അസന്ദിഗ്ധമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കുത്തക കമ്പനികൾക്കും അവരിൽ നിന്നു അനധികൃതമായി ഭൂമി വാങ്ങിയവർക്കും ആ ഭൂമിയെല്ലാം അവരുടെ കൈയിലെത്തിക്കുന്നതിന് സർക്കാർ സംവിധാനത്തിൽ നടന്ന ഗൂഢാലോചനയുടെ ഫലമാണ് ഹൈക്കോടതിയിൽ കേസ് ഫലപ്രദമായി നടത്തുന്നതിൽ വീഴ്ചവരുത്തിയതും മനഃപൂർവം തോറ്റുകൊടുത്തതും.

സുപ്രീംകോടതിയിലും ഇതെല്ലാം ആവർത്തിച്ചു. അതുകൊണ്ടുമാത്രമാണ് സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി സ്പെഷ്യൽ ഓഫിസർ രാജമാണിക്യത്തിന്റെ ഉത്തരവ് റദ്ദാക്കപ്പെട്ടത്. എന്നാൽ, സർക്കാറിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒന്നും ഹൈക്കോടതി നിരാകരിച്ചിട്ടുമില്ല. ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിതന്നെയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞതാണ്.

സർക്കാറിന്റെ ഭൂമി സർക്കാർ തന്നെ പണം കെട്ടിവെച്ച് ഏറ്റെടുക്കുന്ന അതിവിചിത്രമായ ഈ ഉത്തരവിന്റെ ഗൂഢലക്ഷ്യം നിയമവിരുദ്ധമായി ഭൂമി കൈവശംവച്ചിട്ടുള്ള വൻകിട കുത്തകകമ്പനികൾക്കും അവരിൽ നിന്നും അനധികൃതമായി ഭൂമി വാങ്ങിയവർക്കും ഇല്ലാത്ത അവകാശം ലഭ്യമാക്കാൻ തന്നെയാണ്. സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനു മാത്രം ബാധകമായ നിയമനടപടികളിലൂടെ ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചതും ദുരുദ്ദേശ്യത്തോടുകൂടിയാണ്. ഭൂപരിഷ്കരണനിയമത്തിന്റെ 50 വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽത്തന്നെയാണ് നിയമലംഘകർക്കു വേണ്ടിയുള്ള സർക്കാറിന്റെ കുത്സിതവൃത്തി. ഇരു കമ്യൂണിറ്റ് പാർട്ടികളും പങ്കാളികളായ സർക്കാറാണ് ജനങ്ങളെ നഗ്നമായി വഞ്ചിക്കുന്നത്. ജനതാൽപര്യവും സംസ്ഥാനത്ത് തെല്ലെങ്കിലും കൂറുമുണ്ടെങ്കിൽ ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കൽ ഉത്തരവ് റദ്ദാക്കണം. അടിയന്തര നിയമനിർമാണത്തിലൂടെ ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെ സ്വകാര്യസ്ഥാപനങ്ങളും കുത്തക കമ്പനികളും നിയമവിരുദ്ധമായി കൈയടക്കിയ അഞ്ചരലക്ഷം ഏക്കർ വരുന്ന സർക്കാർ ഭൂമി പൊതുഖജനാവിൽനിന്നു ഒന്നും ചെലവാക്കാതെ ഏറ്റെടുക്കണം. അപ്രകാരം ഏറ്റെടുക്കുന്ന ഭൂമിയിലാണ് ശബരിമല വിമാനത്താവളം സർക്കാർ സ്ഥാപിക്കേണ്ടത്. ആറന്മുള വിമാനത്താവളത്തിന്റെ കാര്യത്തിൽ പറ്റിയ തെറ്റുകളും വീഴ്ചകളും ഇക്കാര്യത്തിലും ഉണ്ടാകാതിരിക്കാൻ വിശ്വാസയോഗ്യവും കാര്യക്ഷമവുമായ സർക്കാർ ഏജൻസിയെക്കൊണ്ടുതന്നെ പാരിസ്ഥിതിക സാമൂഹികാഘാത പഠനങ്ങൾ സുതാര്യമായി നടത്തേണ്ടിയിരിക്കുന്നു. തട്ടിക്കൂട്ടിയ പഠനങ്ങൾ കോടതിയിലും മറ്റു തലങ്ങളിലും ചോദ്യംചെയ്യാനുള്ള സാഹചര്യം ഉണ്ടാകാതിരിക്കുന്നതിന് കുറ്റമറ്റ നിലയിൽ വേണം ഇതൊക്കെ ചെയ്യേണ്ടത്.

ഭൂരഹിതരായ പാവങ്ങൾക്കും പ്രളയ ദുരിതമനുഭവിക്കുന്നവർക്കും മഹാവിപത്തായ കോവിഡ് മൂലം ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും ഏറ്റെടുക്കുന്ന ഭൂമി പ്രയോജനപ്പെടുത്താനാകും. ഇക്കാര്യത്തി ൽ ഒന്നിനുപിറകെ മറ്റൊന്നായി വന്ന തെറ്റുകൾ തിരുത്തി സംസ്ഥാനത്തോടും ജനങ്ങളോടുമുള്ള കൂറുതെളിയിക്കാൻ സർക്കാർ ഇനിയെങ്കിലും തയാറാകണം.

*(കടപ്പാട്: മാധ്യമം)* ■


**കേരളീയം പുസ്തകശാലയുടെ പുതിയ പുസ്തകം**

ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന വിദേശ കമ്പനിയുടെ
നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ
ചെറുവിരലനക്കാൻ പോലും
കഴിയാത്ത ഭരണ - രാഷ്ട്രീയ അപചയങ്ങളുടെ
ചരിത്രത്തിലേക്ക്
വഴിതുറക്കുന്ന ആദ്യ പുസ്തകം.

**ഹാരിസൺസ്: രേഖയില്ലാത്ത ജന്മി**

**ആർ. സുനിൽ**

**വില: 240 രൂപ. പേജ്: 260**

**കോപ്പികൾക്ക്: 9747062146, mailkeraleeyam@gmail.com**